(ബി) ബേപ്പൂരിൽ പൈതൃകമായി നിർമ്മിച്ചുവരുന്ന കപ്പൽ നിർമ്മാണത്തെപ്പറ്റി ഡയറക്ടർ ജനറൽ വളരെക്കാലമായി നടത്തിവന്ന പഠനങ്ങളുടെ വെളിച്ചത്തിലാണ് ഇത്തരമൊരു പൈതൃക കപ്പൽ നിർമ്മാണ പദ്ധതി ഏറ്റെടുക്കുവാൻ നേതൃത്വം നൽകിയിട്ടുള്ളത്. ഈ രംഗത്ത് പ്രവർത്തിച്ചു വരുന്ന അവിടുത്തെ നിർമ്മാണ ഏജൻസികളും നിർമ്മാണ വിദഗ്ദ്ധരും മറ്റുമായി ഈ പദ്ധതിക്കുവേണ്ടിയുള്ള സർവ്വേ നടത്തിയിട്ടുണ്ട്.

(സി) കോഴിക്കോടുള്ള വാസ്തു വിദ്യാപ്രതിഷ്ഠാനം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ വിദഗ്ദ്ധർ, കൊച്ചി സർവ്വകലാശാലയിലെ ഷിപ്പ് ഡിസൈനേഴ്സ് എന്നിവരുമായി പഠന പരിപാടികൾ ചർച്ച ചെയ്തിട്ടുണ്ട്.

(ഡി) 20 ലക്ഷം രൂപയാണ് കോഴ്സിന് വകയിരുത്തിയിട്ടുള്ളത്. കോഴ്സിനാവശ്യമായ പരിശീലനത്തിനുണ്ടാകുന്ന ഒരു പരമ്പരാഗത കപ്പൽ മുസിരിസ് പൈതൃക പദ്ധതിയിലേക്ക് വാങ്ങുവാൻ ടൂറിസം വകുപ്പ് 50 ലക്ഷം രൂപയും സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന് അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത ശിൽപ്പികളെ സഹായിക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ച തുക

86 (5256) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത ശിൽപ്പികളെ സഹായിക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ച രണ്ടു കോടി രൂപ എന്ത് കാര്യത്തിന് വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ശിൽപ്പികളുടെ ക്ഷേമത്തിനും അവരെ സഹായിക്കാനുമായി ഏഴു വർഷം മുമ്പ് വാങ്ങിക്കൂട്ടിയ 50 ലക്ഷം രൂപയുടെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരമ്പരാഗത ശിൽപ്പികളെ സഹായിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ കേരളത്തിൽ ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ഒരു റാ മെറ്റീരിയൽ ബാങ്ക് തുറക്കുന്നതിനായി രണ്ടുകോടി രൂപയുടെ പദ്ധതി അനുവദിക്കുകയും അതിന്റെ ആദ്യ ഗഡുവായി കോർപ്പറേഷന് ഒരു കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഒരു കോടി രൂപയിൽ നിന്നും ശിൽപ്പികൾക്ക് വിതരണം ചെയ്യുന്നതിലേക്കായി ഈട്ടി, ചന്ദനം, കുമ്പിൾ മുതലായ റാ മെറ്റീരിയൽ വാങ്ങുന്നതിനായി 70.41 ലക്ഷം രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്. ബാക്കി 29.59 ലക്ഷം രൂപ തടികൾ വാങ്ങുന്നതിനായി ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. തടികൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ബാക്കി രൂപയും ഉപയോഗിക്കുന്നതാണ്. ഈ തടികൾ ന്യായവിലയ്ക്ക് ശിൽപ്പികൾക്കാണ് വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശിൽപ്പികളുടെ ക്ഷേമത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്താൽ UNDP പദ്ധതി പ്രകാരമാണ് മിഷനറികൾ സ്ഥാപിച്ചിട്ടുള്ളത്. ഇത് കോർപ്പറേഷനുകീഴിൽ അട്ടക്കുളങ്ങരയിലെ CFSC ശിൽപ്പികൾ ഉപയോഗിച്ചുവരികയാണ്. എന്നാൽ ഇപ്പോൾ ഇതിന്റെ ഉപയോഗം കൂടുതൽ മെച്ചപ്പെടുത്താൻ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. ഇതു വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്.

നെടുമങ്ങാട് കോയിക്കൽ കൊട്ടാരം

87 (5258) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന് കീഴിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മോടിപിടിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) കോയിക്കൽ കൊട്ടാരം കൂടുതൽ മോടിപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി കൊട്ടാരത്തിന്റെ കിഴക്കുവശത്തെ പ്രധാന പ്രവേശന കവാടം, വാഹന സഞ്ചാരത്തിനുള്ള വഴിയും, കാക്കത്തോടിനു കുറുകെ പ്രധാന പാലവും അനുബന്ധ നടപ്പാലവും സംബന്ധിച്ചുള്ള പണികളിൽ, പാലങ്ങളുടെ പണികളും പ്രധാനപാതയുടെ പണികളും ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്.

(ബി) പരിഗണനയിലുണ്ട്.

(സി) കൊട്ടാരം, കൂടുതൽമോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി പടിപ്പുര, പ്രധാന ഓടയുടെ പണികൾ, കൊട്ടാരത്തിന്റെ അനുബന്ധ പണികൾ ഇവ ഉൾപ്പെടെയുള്ള പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly